ഇത്രയും ലാഭത്തിൽവന്നത് 70 ലക്ഷം രൂപ ഗ്രാന്റായി സംസ്ഥാന ഗവൺമെന്റ് കൊടുത്തതുകൊണ്ടാണ്. ഇന്ന് ഈ പറയുന്ന ആവശ്യങ്ങൾ ഒക്കെ വച്ചു കാര്യങ്ങൾ ചെയ്യണമെങ്കിൽ അതിന്റെ സാമ്പത്തിക പരിധിക്കുള്ളിൽ നിൽക്കുന്നില്ല. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് വളരെ വിശദമായ ഒരു ചർച്ച ഞങ്ങൾ നടത്തി. പക്ഷേ ഇതിന്റെ സാമ്പത്തിക വരുമാനത്തിനിടയിൽ നിന്നുകൊണ്ടുള്ള ഒരു വർദ്ധനവ് മാത്രമാണ് കൊടുക്കാൻ കഴിയുന്നത്. ന്യായമായിട്ട് അവർക്ക് കിട്ടേണ്ടത് എന്നു പറയുന്ന, സർക്കാർ ജീവനക്കാർക്ക് കിട്ടുന്ന അതേ വേതനം എന്നു പറയുന്നത് കൊടുക്കാൻ ഇന്നത്തെ സ്ഥിതിയിൽ വളരെ പരിശോധിച്ചു മാത്രമേ ചെയ്യാൻ കഴിയൂ. അതിന് വളരെയധികം പരിമിതിയുണ്ട്. മറ്റു വിഭാഗങ്ങളും അതുപോലെ ആവശ്യങ്ങളുമായി മുന്നോട്ടു വന്നിരിക്കുകയാണ്. അത് പരിശോധിച്ചിട്ട് ന്യായമായ ഒരു പരിഹാരം കാണാനാണ് ശ്രമിക്കുന്നത്.

(12) മേപ്പാടി പഞ്ചായത്തിലെ 'പൂത്തക്കൊല്ലി'യിൽ കുടി ഒഴിപ്പിക്കൽ ഭീഷണി

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, വയനാട് ജില്ലയിൽ മേപ്പാടി പഞ്ചായത്തിൽ പൂത്തകൊല്ലി എന്ന ഒരു പ്രദേശമുണ്ട്. ആ പൂത്തക്കൊല്ലി പ്രദേശത്ത് ഏകദേശം 50-ൽപ്പരം കുടുംബങ്ങൾ ഭൂമി കൈവശം വച്ച് വരികയാണ്. 1969 മുതൽ ഭൂമി കൈവശം വച്ച് വരുന്നവരുണ്ട്. പലരും ഭൂ നികുതി അടച്ചിട്ടുള്ളവരാണ്. ചിലർക്കൊക്കെ പട്ടയമുണ്ട്. എല്ലാവർക്കും വീട്ടുനമ്പരുമുണ്ട്. മിക്കവാറും എല്ലാവർക്കും റേഷൻ കാർഡുമുണ്ട്. വളരെ വർഷങ്ങളായി കുടിയേറി താമസിച്ച് വരുന്നവരാണ്. ഒരു മാസത്തിനു മുൻപ് ഫോറസ്റ്റ് അധികൃതർ ആ ഭൂമി അതിര് തിരിച്ച് കല്ല് ഇട്ട് വനഭൂമിയോട് കൂട്ടിച്ചേർക്കാൻ ഒരു ശ്രമം നടത്തുകയുണ്ടായിരുന്നു. കൃഷിക്കാരുടെ ശക്തമായ എതിർപ്പു കാരണം നടന്നില്ല. അതുകൊണ്ട് അവർ ഇന്ന് ഒരു കുടിയിറക്ക് ഭീഷണിയിലാണ്. വളരെ വർഷങ്ങളായി കൈവശം വച്ചു അനുഭവിച്ചു വരുന്ന, പലർക്കും പട്ടയമുള്ള, പലർക്കും നികുതി ചീട്ടുള്ള ആ പ്രദേശത്തെ ഭൂമി അവരിൽ നിന്നു പിടിച്ചെടുക്കാതിരിക്കാൻ അവർക്ക് ഭൂമി കൈവശം വച്ചു കൊടുക്കാനും പട്ടയമില്ലാത്തവർക്ക് പട്ടയം നൽകാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ : എ. നീലലോഹിതദാസൻ നാടാർ) : സർ, പൂത്തക്കൊല്ലി വനം മുൻപ് ചെമ്പറമ്പി എസ്റ്റേറ്റിന്റേയും പിന്നീട് എൻസ്റ്റോൺ എസ്റ്റേറ്റിന്റേയും ഇപ്പോൾ പടൂർ പ്ലാന്റേഷന്റേയും കൈവശമാണ്. ഈ ഭാഗത്ത് അഞ്ചു ഹെക്ടറോളം സ്ഥലത്ത് വനം വകുപ്പ് 1995-ൽ വൃക്ഷതൈകൾ നട്ടിരുന്നു. ഇതിനോട് ചേർന്ന് 30-ഓളം കുടുംബങ്ങൾ ദീർഘകാലമായി താമസിക്കുന്നത് ഉദ്ദേശം 50 ഏക്കറോളം സ്ഥലത്താണ്. ഈ സ്ഥലം വൈത്തിരി താലൂക്കിൽ കോട്ടപ്പടി വില്ലേജിൽ റീസർവ്വേ 505/1/520-ൽപെട്ടതാണ്. പുല്ലുമേഞ്ഞതും ഷീറ്റ് ഇട്ടതും കോൺക്രീറ്റ് മേൽക്കൂര ഉള്ളതുമായ നിരവധി വീടുകൾ ഇവിടെയുണ്ട്. വീടുകൾക്കെല്ലാം പഞ്ചായത്ത് നമ്പരുള്ളതും ചില വീടുകൾ വൈദ്യുതീകരിച്ചതുമാണ്. ഈ സ്ഥലത്തുള്ള താമസക്കാരെ കുടിയൊഴിപ്പിക്കാനുള്ള ശ്രമങ്ങളോ, മറ്റുതരത്തിൽ പീഡിപ്പിക്കാനുള്ള ശ്രമങ്ങളോ ഒന്നും വനംവകുപ്പിൽ നിന്നും ഉണ്ടായിട്ടില്ല. എന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. ഇത് സംബന്ധിച്ച് ആവശ്യമെന്ന് കണ്ടാൽ ബഹുമാനപ്പെട്ട എം.എൽ.എയും വനംവകുപ്പുദ്യോഗസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ന്മാരുമായി കഴിയുമെങ്കിൽ അടുത്ത ആഴ്ച തന്നെ ഒരു ദിവസം ഇരുന്ന് ചർച്ച ചെയ്യാവുന്നതാണ്. കാര്യങ്ങളെന്താണെന്ന് അന്വേഷിക്കാം.

(13) കോഴിക്കോട് മെഡിക്കൽ കോളേജിൽ മരുന്നുകൾ ലഭ്യമാക്കേണ്ടത് സംബന്ധിച്ച്

<u>ശ്രീ. സി. മോയിൻകുട്ടി</u> . സർ, ഒരു കോടിയോളം വരുന്ന നിരവധി ജില്ലകളിലെ ആളുകളുടെ പ്രശ്നമായ മരുന്നിന്റെ ദൗർലഭ്യത്തെക്കുറിച്ചാണ് എനിക്ക് ഗൗരവമായി സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. മരുന്ന് വാങ്ങാൻ ഇന്റന്റ് നൽകി എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. പക്ഷേ മാർച്ചിൽ ലഭിക്കേണ്ട മരുന്നിന് മാർച്ചിൽ തന്നെ ഇന്റന്റ് നൽകിയതാണ്. ഏപ്രിലിൽ പോലും മരുന്ന് എത്തിയിട്ടില്ല. ലോക്കൽ പർച്ചേസിൽ വന്നിട്ടുള്ള പ്രശ്നങ്ങളെക്കുറിച്ചൊക്കെ നിരവധി തവണ പത്രത്തിൽ വന്നിട്ടുള്ള കാര്യങ്ങളാണ്. 1998 ഡിസംബറിലാണ് മരുന്ന് ലാസ്റ്റിൽ എത്തിയിട്ടുള്ളത്. അതിനു ശേഷം മരുന്ന് എത്തിയിട്ടില്ല. സി.പി.സി ഇന്റന്റ് അയച്ചു എന്നുള്ളത് ശരിയാണ്. പക്ഷെ വില കൂടിയ മരുന്നുകളൊന്നും അവിടെയില്ല. സാധനങ്ങളൊന്നും എത്തിയിട്ടില്ല. 1200 രൂപയുടെ Ultravist പോലെയുള്ള മരുന്നുകളൊക്കെ മെഡിക്കൽ കോളേജിൽ ലഭിക്കുന്നു എന്ന് പറയപ്പെടുന്നുണ്ടെങ്കിൽത്തന്നെയും അവിടെ രോഗികൾക്ക് കിട്ടുന്നില്ല. ആറു ലക്ഷത്തോളം വരുന്ന ബിസിനസ്സാണ് ഒൻപത് മരുന്നുകടകളിലായി പരിസരത്ത് നടക്കുന്നത്. അതൊക്കെതന്നെ മെഡിക്കൽ കേളേജിലെ മരുന്നുമായി ബന്ധപ്പെട്ടുള്ള, ചീഞ്ഞുനാറിയ കഥകളെക്കുറിച്ചാണ് പറയുവാനുള്ളത്. നിരവധി തവണ അവിടെ കളവുകൾ നടന്നു. നൂലു പോയി, മരുന്നുപോയി അങ്ങനെ നിരവധി സംഭവങ്ങൾ. അത് സംബന്ധിച്ചൊന്നും വ്യക്തമായ ഒരു നിർദ്ദേശവും ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നുണ്ടാകുന്നില്ല. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് മെഡിക്കൽ കോളേജിലെ പാവപ്പെട്ട രോഗികൾക്ക് വാണം പോലെ കുതിച്ചുയരുന്ന വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി ഒരുപരിധിവരെ ആശ്വാസമായിരുന്നു, പരിഹാരമായിട്ടുള്ള ഒരു ന്യായവില മരുന്നു കട ഇവിടെയുണ്ട്. അതല്ലാതെ മറ്റ് സംവിധാനമൊന്നുമില്ല. മരുന്ന് കിട്ടുന്നില്ല. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിരമായ നടപടികളുണ്ടാകണം. ഒരു കോടിയോളം രൂപയുടെ മരുന്ന് ലാപ്സായിപ്പോയി എന്നാണ് പറയുന്നത്. അത് സംബന്ധിച്ചു കൂടി ഈ സന്ദർഭത്തിൽ മറുപടി നൽകണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി <u>(ശ്രീ. എ.സി. ഷൺമുഖദാസ്)</u> : സർ, ആയിരക്കണക്കിന് രോഗികൾ വരുന്നതാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. അനുവദിക്കപ്പെട്ട കിടക്ക 1470 ആണെങ്കിലും ശരാശരി ഏറ്റവും ചുരുങ്ങിയത് ദിവസം 1750 രോഗികളെങ്കിലും അവിടെ ഉണ്ടാകാറുണ്ട്. അതുപോലെതന്നെ ഐ.എം.സി.എച്ച്-ൽ 730 കിടക്കകളാണ് ഉള്ളത്. അവിടെ വരുന്ന രോഗികൾ 1100 ആണ്. കഴിഞ്ഞ വർഷമുണ്ടായ പ്രസവം 27000 ആണ്. രണ്ടു സ്ഥാപനങ്ങളിലുമായി ദിവസവും ശരാശരി 1200, 1300 രോഗികൾ ഒ.പി. യിൽ ചികിത്സയ്ക്കു വരുന്നുണ്ട്. ആവശ്യമായ മരുന്നുകളുടെ ദൗർലഭ്യം കൂടാതെ യഥാസമയം പാവപ്പെട്ട രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ മരുന്നിന് ദൗർലഭ്യമുണ്ട് എന്നത് പൂർണ്ണമായി ശരിയല്ല. എന്നാൽ അപൂർവ്വം ചില മരുന്നുകൾ ചില അവസരങ്ങളിൽ ലഭ്യമാ

LIBRARY ARCHIVES Kerala Legislative Assembly